(ബി) ഉണ്ട്. പ്രസ്തുത സ്ഥാപനത്തിലേക്ക് ഒരു ജൂനിയർ സൂപ്രണ്ട്, സ്റ്റെനോഗ്രാഫി ഇൻസ്ട്രക്ടർ, ശിപായി എന്നിവരെ നിയമിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പ്രിൻസിപ്പാളിന്റെ ചാർജ്ജ് പാലക്കാട് ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് നൽകിയിട്ടുണ്ട്. പ്രിൻസിപ്പാളിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുവാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി ആന്റ് ഇ) പ്രിൻസിപ്പാളിന്റെ ചുമതല പാലക്കാട് ജില്ലാ പട്ടികജാതി വികസന ആഫീസർ യഥാസമയം ഏറ്റെടുത്തിട്ടുണ്ട്. പ്രിൻസിപ്പാളിന്റെ ചാർജ്ജ് വഹിക്കുന്നതിന് മുമ്പ് തന്നെ ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനത്തിന് ആവശ്യമായ എല്ലാ നടപടിയും ജില്ലാ പട്ടികജാതി വികസന ആഫീസറാണ് ചെയ്തു വന്നിരുന്നത്. ഇക്കാര്യത്തിൽ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ യാതൊരു വീഴ്ചയും പാലക്കാട് ജില്ലാ പട്ടികജാതി വികസന ആഫീസറുടെ ഭാഗത്തുനിന്നും സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കുഴൽമന്ദത്ത് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

146 [1125] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) കുഴൽമന്ദം കേന്ദ്രീകരിച്ച് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് ഇറക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഡി) കുഴൽമന്ദം കേന്ദ്രീകരിച്ച് വനിതകൾക്ക് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള ഉത്തരവ് എന്നത്തേക്ക് പുറപ്പെടുവിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കുഴൽമന്ദത്ത് പെൺകുട്ടികൾക്ക് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിച്ചു നല്കുന്നതിന് തയ്യാറാണെന്നുള്ള പ്രമേയം 17-5-2002-ലെ പാലക്കാട് ജില്ലാ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ഹോസ്റ്റൽ നിർമ്മാണത്തിനായി 2002-2003, 2003-2004, 2004-2005, 2005-2006 വർഷങ്ങളിലെ ബഹു വർഷ പ്രോജക്ടായി പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ളതായി 25-6-2003-ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തുകൾ ഹോസ്റ്റൽ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കാത്തതു കാരണം ഈ പദ്ധതി പുരോഗതി നേടുകയുണ്ടായില്ല.

ആവശ്യമായ സ്ഥലം ജില്ലാ പഞ്ചായത്തിന് ലഭ്യമാക്കുവാൻ അതാതു പഞ്ചായത്ത് സെക്രട്ടറിയുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കുവാൻ ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്തിനേയും, ജില്ലാ പട്ടികജാതി വികസന വകുപ്പ് ഉദ്യോഗസ്ഥനേയും 27-12-2003-ലെ ജില്ലാ വികസന സമിതിയോഗ തീരുമാനപ്രകാരം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി ആന്റ് ഡി) ഇതിനാവശ്യമായ സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതാണ് എന്നുള്ള ജില്ലാ പഞ്ചായത്തിന്റെ വാഗ്ദാനം നിറവേറ്റുന്നതിന് കാലപരിധി നിർണ്ണയിച്ചുകൊണ്ടുള്ള ഉറപ്പു ലഭ്യമാകുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. കൂടാതെ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ അന്തേവാസികളായി 30 മുതൽ 60 വരെയെങ്കിലും വിദ്യാർത്ഥികളെ ലഭിക്കുമോ എന്നതു സംബന്ധിച്ച് ഒരു ഉന്നതതല സമിതിയുടെ അന്വേഷണവും വിലയിരുത്തലും നടത്തിയശേഷം പദ്ധതി നടപ്പിലാക്കുന്നതായിരിക്കും ഉചിതം.

കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമത്തിന് അനുവദിച്ച തുകയുടെ വിനിയോഗം

147 [1126] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമത്തിന് എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അനുവദിച്ച തുക പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly